(എ) ന്യായവിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പരിപാടി ഗവൺമെൻറ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള വിതരണത്തിന് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ ഏതാണ്;

(സി) അപ്രകാരമുള്ള വിതരണം സംസ്ഥാനത്ത് എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ് ജോൺ):

(എ) ഉണ്ട്.

(ബി) കേരളാസ്റ്റോറുകളും റേഷൻ ഡിപ്പോകളും.

(സി) ഉണ്ട്. 15 താലൂക്കുകളിലായി 175 സ്ഥലങ്ങളിൽ കേരളാസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്.

ന്യായവില ഡിപ്പോകൾ

*38 [41] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, കെ. പി. നൂറുദ്ദീൻ:

,, കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടിനൽകുമോ:

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻറെ കീഴിൽ താലൂക്കുതോറും ന്യായവിലഡിപ്പോകൾ തുറക്കുവാനുള്ള പദ്ധതി അനുസരിച്ച് ഇതുവരെ എത്ര ഡിപ്പോകൾ തുടങ്ങിയിട്ടുണ്ട്;

(ബി) ഈ ഡിപ്പോകൾ വഴി മേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) 175 കേരളാ സ്റ്റോറുകൾ ഇതുവരെ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) കഴിയുന്നതും നല്ല സാധനങ്ങൾ മാത്രമാണ് വിതരണം ചെയ്യുന്നത്.

പെട്രോളിലും ഡീസലിലും മായംചേർക്കുന്നതായി പരാതി

*39 [42] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിലും ഡീസലിലും വ്യാപകമായ തോതിൽ മായം ചേർക്കുന്നതായി പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പ്മന്ത്രി (ശ്രീ. ടി. എസ്. ജോൺ):

(എ) ഏതാനും പരാതികൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്.

(ബി) പെട്രോളിലും ഡീസലിലും മണ്ണെണ്ണ ചേർക്കുന്നത് തടയുന്നതിന് മണ്ണെണ്ണയുടെ വിതരണം പൂർണ്ണമായും റേഷൻകാർഡുകൾ മുഖേനയും പെർമിറ്റുകൾ മുഖേനയും നിയന്ത്രിച്ചിട്ടുണ്ട്. കാർഡുടമകൾക്ക് മണ്ണെണ്ണ ഗവൺമെൻറ് നിർദ്ദേശിച്ച രീതിയിൽതന്നെ വിതരണം

LIBRARY ARCHIVES Kerala Legislative Assembly